പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 457 27/09/2016 -ൽ മറുപടിയ്ക്ക്

## ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ വയർലസ് സെറ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ,<br>ബഹു. ഊർജ്ജവും ദേവസ്വവും<br>വകുപ്പു മന്ത്രി. | |
| എ) | ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ ലൈസൻസ് ഇല്ലാത്ത വയർലെസ് സെറ്റുകൾ ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; | എ) | വയർലെസ്സ് സെറ്റുകൾ ഉപയോഗിക്കുന്നില്ല എന്ന് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്. ലൈസൻസിന് അപേക്ഷിച്ചിട്ടുണ്ട്. ലൈസൻസ് ലഭിക്കാൻ കാലതാമസം വരുമെന്നതിനാൽ ഡെമോക്കുവേണ്ടി കൊണ്ടുവന്ന സെറ്റുകൾ ഡെമോ കഴിഞ്ഞ് അലമാരയിൽ സൂക്ഷിച്ചുവച്ചിരിക്കുകയായിരുന്നു. |
| ബി) | പോലീസിന്റെ ഉപയോഗത്തിനല്ലാതെ വയർലസ് സെറ്റ് ഉപയോഗിക്കാൻ മറ്റാർക്കെങ്കിലും ലൈസൻസ് നല്കിയിട്ടുണ്ടോ; എങ്കിൽ ആർക്കൊക്കെ എന്ന് വെളിപ്പെടുത്താമോ ; | ബി) | വിവരം ശേഖരിച്ചുവരുന്നു. |
| സി) | വയർലസ് സെറ്റ് വാങ്ങാൻ അനുമതി നല്കിയത് ആരാണ്; എന്തു തുക ചെലവായി; | സി) | ക്ഷേത്രത്തിലെ സെക്ഷൻ മേലധികാരികളുമായി ബന്ധപ്പെടാൻ ഉപയോഗിച്ചിരുന്ന ഇന്റർകോം സംവിധാനം സ്ഥിരമായി കേടാകുന്നതിനാലാണ് എക്സിക്യൂട്ടീവ് ഓഫീസർ വയർലെസ് സെറ്റ് വാങ്ങാൻ നിശ്ചയിച്ചത്. ഇതിനായി പർച്ചേസ് ഓർഡർ നൽകിയിട്ടേ ഉള്ളൂ. ചെലവ് സ്പോൺസർ ചെയ്യാൻ തയ്യാറായിട്ടുള്ളതിനാൽ ക്ഷേത്രത്തിൽ നിന്നും ചെലവ് ഉണ്ടാകുകയില്ല. |
| ഡി) | അനുമതിയില്ലാതെയും ലൈസൻസ് ഇല്ലാതെയും വയർലസ് സെറ്റ് വാങ്ങാൻ ഉത്തരവു നല്കിയ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കാൻ നടപടി സ്വീകരിക്കുമോ? | ഡി) | തുക ചിലവാകാത്തതിനാൽ അവ ഈടാക്കേണ്ട ആവശ്യം വരുന്നില്ല. |

സെക്ഷൻ ഓഫീസർ